LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ ടൂറിസ്റ്റ് വില്ലേജുകൾ

*10 [190] ശ്രീ. കെ. മോഹൻകുമാർ:
" കെ. സി. ജോസഫ്:
" കെ. സി. വേണുഗോപാൽ:
" വി. ഡി. സതീശൻ:
" അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ടൂറിസ്റ്റ് വില്ലേജുകളുണ്ട്;

(ബി) ഈ ടൂറിസ്റ്റ് വില്ലേജുകൾ സന്ദർശിക്കുന്നതിന് എവിടെയെല്ലാം ഫീസ് ഏർപ്പെടുത്തിയിട്ടുണ്ട്;

(സി) പ്രസ്തുത ഫീസ് നിരക്ക് എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഫീസ് ഏർപ്പെടുത്തിയ ശേഷം ഈ വില്ലേജുകളിൽ സന്ദർശകരുടെ എണ്ണം വർദ്ധിക്കുകയാണോ കുറയുകയാണോ എന്ന് അറിയിക്കാമോ?

വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) സംസ്ഥാനത്ത് നിലവിൽ ഒരു ടൂറിസ്റ്റ് വില്ലേജാണുള്ളത്. തിരുവനന്തപുരം ജില്ലയിലെ വേളി ടൂറിസ്റ്റ് വില്ലേജ്.

(ബി) വേളി ടൂറിസ്റ്റ് വില്ലേജിൽ നിലവിൽ സന്ദർശകരിൽ നിന്ന് ഫീസ് ഈടാക്കുന്നില്ല. എന്നാൽ സന്ദർശകരിൽ നിന്ന് ഫീസ് ഈടാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

(സി) 14 വയസ്സിനുമേൽ പ്രായമുള്ള സന്ദർശകരിൽ നിന്ന് 5 രൂപാ വീതം വാങ്ങുവാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്.

(ഡി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തൽ

*11 [191] ശ്രീ. തോമസ് ചാഴികാടൻ:
" കെ. നാരായണക്കുറുപ്പ്:
" റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ പ്രത്യേക ഏജൻസിയെ ചുമതല പ്പെടുത്താൻ ഉദ്ദേശമുണ്ടോ;

(ഡി) പദ്ധതിയുടെ പ്രയോജനം പട്ടികവർഗ്ഗ വിഭാഗത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?